**പുറത്തെഴുത്ത് കത്ത് എ6/2519/2021 തീയതി: 27.04.2021**

പൊതുവിദ്യാഭ്യാസ വകുപ്പ് മുസ്സരീസ് പൈതൃക പദ്ധതിയിൽ 'എന്റെ പൈതൃകം' ചിത്രരചനാ മത്സരം സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നത് സംബന്ധിച്ച പ്രസ്തുത സർക്കുലർ എല്ലാ സ്കൂൾ പ്രധാനാധ്യാപകരുടേയും അറിവിലേക്കും അനന്തര നടപടികൾക്കുമായി നൽകുന്നു.

പേഴ്സണൽ അസിസ്റ്റന്റ് ടു
ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശൂർ.

എം.വി.

"ഭരണഭാഷ - മാതൃഭാഷ"

ക്യു.ഐ.പി.(2)/242197/2021/ഡി.ജി.ഇ/താ.തി

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 21.04.2021.
ഇ-മെയിൽ - supdtqip.dge@kerala.gov.in

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

സർ,

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - മുസ്‌രിസ് പൈതൃക പദ്ധതി 'എന്റെ പൈതൃകം' - സംബന്ധിച്ച്.

സൂചന: മുസ്‌രിസ് മാനേജിംഗ് ഡയറക്ടറുടെ 16-04-2021 തീയതിയിലെ കത്ത്.

**********

ഏപ്രിൽ 18 'ലോക പൈതൃക ദിന'ത്തോടനുബന്ധിച്ച് നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ടെന്നും, 2500 വർഷങ്ങൾക്ക് മുൻപ് വിദേശീയരെ ആകർഷിച്ച ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായിരുന്ന മുസ്‌രിസിന്റെ ചരിത്രപരവും, സാംസ്കാരികവുമായ പ്രാധാന്യം പുനഃസ്ഥാപിക്കുന്നതിനായി മുസ്‌രിസ് പ്രൊജക്റ്റ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ പൈതൃക സംരക്ഷണത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനായി ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി 'എന്റെ പൈതൃകം' എന്ന പേരിൽ സംസ്ഥാനതലത്തിൽ മൊബൈൽ ഫോട്ടോഗ്രാഫി, ചിത്രരചന മത്സരങ്ങൾ സംഘടിപ്പിക്കുന്നതായി അറിയിച്ചുകൊണ്ട് സൂചന പ്രകാരം കത്ത് ലഭിച്ചിരിക്കുന്നു. താല്പര്യമുള്ള എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുന്നതിന് വേണ്ട നിർദേശം ബന്ധപ്പെട്ട ഓഫീസർമാർ നൽകേണ്ടതാണ്. 'എന്റെ പൈതൃകം' പദ്ധതിയുടെ വിശദവിവരങ്ങൾക്കായി സൂചന കത്തിന്റെ പകർപ്പ്, ഉള്ളടക്കം എന്നിവ ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,

എം.കെ. ഷൈൻമോൻ
പെൻ - 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം : സൂചന കത്തിന്റെ പകർപ്പ്, ഉള്ളടക്കം

# ലോക പൈതൃക ദിനം

ഏപ്രിൽ 18

## എന്റെ പൈതൃകം

മൊബൈൽ ഫോട്ടോഗ്രാഫി

പെൻസിൽ ചിത്രരചനാമത്സരം



ഒന്നാം സമ്മാനം

15000 രൂപ | മെമെന്റോ | സർട്ടിഫിക്കറ്റ് | മുസിരിസ് ഫാമിലി ഹെറിറ്റേജ് ബോട്ട് ടൂർ

രണ്ടാം സമ്മാനം

10000 രൂപ | മെമെന്റോ | സർട്ടിഫിക്കറ്റ് | മുസിരിസ് ഫാമിലി ഹെറിറ്റേജ് ബോട്ട് ടൂർ

മൂന്നാം സമ്മാനം

5000 രൂപ | മെമെന്റോ | സർട്ടിഫിക്കറ്റ് | മുസിരിസ് ഫാമിലി ഹെറിറ്റേജ് ബോട്ട് ടൂർ

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃകം

മുസിരിസ് പൈതൃക പദ്ധതി • വിനോദ സഞ്ചാര വകുപ്പ് • കേരള സർക്കാർ

Pullut P.O., Kodungallur, Thrissur, Kerala, India - Ph.: 0480 2807717

UNESCO

United Nations
Educational, Scientific and
Cultural Organization

# ലോക പൈതൃക ദിനം

ഏപ്രിൽ 18



## എന്റെ പൈതൃകം

മൊബൈൽ ഫോട്ടോഗ്രാഫി

പെൻസിൽ ചിത്രരചനാമത്സരം

**മുസിരിസ് പൈതൃകം**

മുസിരിസ് പൈതൃക പദ്ധതി • വിനോദ സഞ്ചാര വകുപ്പ് • കേരള സർക്കാർ
www.muzirisheritage.org muzirisheritage

Pullut P.O., Kodungallur, Thrissur, Kerala, India - Ph.: 0480 2807717

ലോക പൈതൃക ദിനത്തോടനുബന്ധിച്ച്
നടത്തുന്ന വിദ്യാർത്ഥികൾക്കായുള്ള

# മൊബൈൽ ഫോട്ടോഗ്രഫി/ പെൻസിൽ ചിത്രരചന മത്സരം



## ലോക പൈതൃക ദിനം:

ലോകമെമ്പാടും ഏപ്രിൽ 18 പൈതൃക ദിനമായി UNESCO ആചരിച്ചുവരുന്നു. സമ്പന്നമായതും വൈവിധ്യമാർന്നതുമായ നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് യുവതലമുറയ്ക്ക് അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ ദിനം ആഘോഷിക്കുന്നത്. പക്ഷപാതപരമായ വീക്ഷണങ്ങളും മുൻകാല വ്യാഖ്യാനങ്ങളും ഒഴിവാക്കി ചരിത്രത്തെ സങ്കീർണ്ണമായ സംഭാഷണങ്ങൾ ഉൾപ്പെടുത്താതെ വ്യാഖ്യാനിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള ചിന്താഗതികൾക്ക് പ്രാധാന്യം നൽകികൊണ്ട് പുതുതലമുറ മുന്നോട്ടു എന്നതാണ് ലോകപൈതൃക ദിനം മുന്നോട്ടുവെക്കുന്ന വിഷയം. "സങ്കീർണ്ണമായ ഭൂതകാലം: വൈവിധ്യമാർന്ന ഭാവി" (Complex Pasts: Diverse Futures) എന്നതാണ് ഈ വർഷത്തെ ലോക പൈതൃക ദിനത്തിന്റെ വിഷയം. മുസിരിസ് പൈതൃക പദ്ധതി ഈ വിഷയത്തെ അധാരമാക്കി 'ഭാവി തലമുറ' എന്ന് ലോകം വിശേഷിപ്പിക്കുന്ന വിദ്യാർത്ഥി സമൂഹത്തോടൊപ്പം ഈപൈതൃക ദിനം ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

'മുസിരിസ്' – കേരളക്കരയെ വിദേശരാജ്യങ്ങളുമായി ബന്ധിപ്പിച്ചു നിർത്തിയ പ്രാചീന തുറമുഖം. റോമക്കാർ അറബികൾ, ചൈനാക്കാർ, നൂറ്റാണ്ടുകൾക്ക് ശേഷം പോർച്ചുഗീസുകാരും, ഡച്ചുകാരും വന്നുചേർന്നത് ഇവിടെയാണ്. ഈ പ്രദേശത്തെ ചരിത്രപരവും സാംസ്കാരിക പരവുമായ നേർക്കാഴ്ചയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കേരള സർക്കാർ വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ രൂപം നൽകിയതാണ് മുസിരിസ് പൈതൃക പദ്ധതി. മധ്യകേരളത്തിലെ വടക്കൻ പറവൂർതുടങ്ങി കൊടുങ്ങല്ലൂർ-മതിലകം വരെയുള്ള പ്രദേശങ്ങളിലെ മുപ്പതോളം പൈതൃക സ്മാരകങ്ങളും സ്ഥലങ്ങളും പദ്ധതിസംരക്ഷിച്ചു വരുന്നു. മധ്യകേരള ചരിത്രത്തിന്റെ ഒരു നേർക്കാഴ്ച ഓരോ വിദ്യാർത്ഥിക്കും പകർന്നു നൽകുവാൻ സാധിക്കുന്നതരത്തിലുള്ള അനൗപചാരിക വിദ്യാഭ്യാസംകൂടി പദ്ധതി ലക്ഷ്യമിടുന്നു.



## പൈതൃകം:

പൈതൃകമെന്നാൽ ഒരു ജനത വസിക്കുന്ന ദേശത്തിന്റെ ചരിത്രമെന്നർത്ഥം. ആ ജനതയുടെ രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, മതപരം, സാംസ്കാരികം തുടങ്ങിയ സമസ്ത മേഖലകളുടെയും പ്രാരംഭം മുതല് പരിണാമ ഘട്ടങ്ങളിലൂടെയുള്ള വർത്തമാനകാലത്തിലെത്തി നിൽക്കുന്നതുവരെയുള്ള ചരിത്രം അതിൽ ഉൾപ്പെടും. ഐതിഹ്യവും മിത്തും ഉൾപ്പെടെ ഇന്നലെകളുടെ പെരുമയിൽ ഇന്നു ശേഷിക്കുന്നതെന്തും പൈതൃക അവശേഷിപ്പുകളാണ്. സാംസ്കാരിക പൈതൃകം പ്രകൃതിദത്ത പൈതൃകം എന്ന് പൈതൃകത്തെ രണ്ടായി തരംതിരിക്കാവുന്നതാണ്. സാംസ്കാരിക പൈതൃകം മാത്രമാണ് മത്സരത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## പൈതൃക ദിനത്തിന്റെ ലക്ഷ്യം:

കേരളത്തിലെ പ്രത്യക്ഷവും പരോക്ഷവുമായ പൈതൃക കാഴ്ചകൾ ഫോട്ടോഗ്രാഫിയിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനും അതോടൊപ്പംതന്നെ സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികളിലെ അമേച്വർ ഫോട്ടോഗ്രാഫർമാരെ പ്രോത്സാഹിപ്പിക്കാനുമായി ലോക പൈതൃക ദിനത്തിൽ മുസിരിസ് പൈതൃക പദ്ധതി അവതരിപ്പിക്കുന്നതാണ് 'എന്റെ പൈതൃകം' എന്ന മൊബൈൽ ഫോട്ടോഗ്രാഫി / പെൻസിൽചിത്രകലാമത്സരം. അന്യം നിന്നുപോകുന്ന പരമ്പരാഗത വിജ്ഞാന സ്രോതസുകളെ പുനരുജ്ജീവിപ്പിക്കുന്നതിൽ വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ പങ്ക് ഉറപ്പാക്കുക കൂടി പരിപാടിയിലൂടെ ലക്ഷ്യം ഇടുന്നു.

## മത്സരവിഭാഗങ്ങൾ:

**മൊബൈൽ ഫോട്ടോഗ്രാഫി:**

പ്രത്യക്ഷ (തൊട്ടു കാണിക്കാൻ ആവുന്ന)/ പരോക്ഷ (തൊട്ടു കാണിക്കാൻ ആവാത്ത) പൈതൃകം

**പെൻസിൽ ചിത്രരചന :**

പ്രത്യക്ഷ (തൊട്ടു കാണിക്കാൻ ആവുന്ന)/ പരോക്ഷ (തൊട്ടു കാണിക്കാൻ ആവാത്ത) പൈതൃകം/ മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തെ സ്മാരകങ്ങളും ചരിത്രപ്രസിദ്ധ പ്രദേശങ്ങളും

**സാംസ്കാരിക പൈതൃകം**

- **തൊട്ടുകാണിക്കാൻ ആവുന്ന**
  - **സ്ഥാവര പൈതൃകം**
    - . സ്മാരകങ്ങൾ
    - . പുരാവസ്തുപ്രാധാന്യ പ്രദേശങ്ങൾ
    - . ചരിത്രപ്രാധാന്യം ഉള്ള കെട്ടിടങ്ങൾ
  - **ജംഗമ പൈതൃകം**
    - . ശില്പങ്ങൾ
    - . പുരാവസ്തുക്കൾ
    - . ഡോക്യുമെന്റ്സ്
    - . പെയിന്റിംഗ്
    - . ഉപകരണങ്ങൾ
- **തൊട്ടുകാണിക്കാൻ ആവാത്ത**
  - **പാരമ്പര്യം തലമുറകളിലൂടെ**
    - . വാമൊഴി വഴക്കം (മത്സരഇനംഅല്ല)
    - . പ്രകടനകലകൾ
    - . അനുഷ്ഠാന കലകൾ
    - . പരമ്പരാഗത അറിവുകൾ: പരിസ്ഥിതി,പ്രപഞ്ചവും (മത്സരഇനംഅല്ല)
    - . കരകൗശലവസ്തുക്കൾ

*സ്ഥാവരം : ചലിക്കാത്ത / ജംഗമം : ചലിക്കുന്ന

**പുരസ്കാരം:**

- സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിക്ക് ക്യാഷ് പ്രൈസായി 15000രൂപയും, മെമെന്റോയും, സർട്ടിഫിക്കറ്റുകൾക്കുമൊപ്പം അവന്റെ/ അവളുടെ കുടുംബത്തിനു (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി) മെയ് അവസാനവാരത്തിൽ മുസിരിസ് പൈതൃക പദ്ധതിയിലെ വിനോദ സഞ്ചാര പൈതൃക പ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി താമസസൗകര്യത്തോടു കൂടിയുള്ളപൈതൃകബോട്ട് യാത്ര ഒരുക്കുന്നതാണ്.
- രണ്ടാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിക്ക് ക്യാഷ് പ്രൈസായി 10000രൂപയും, മെമെന്റോയും, സർട്ടിഫിക്കറ്റുകൾക്കുമൊപ്പം അവന്റെ/ അവളുടെ കുടുംബത്തിനു (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി)മെയ്അവസാനവാരത്തിൽമുസിരിസ് പൈതൃക പദ്ധതിയിലെ വിനോദ സഞ്ചാര പൈതൃക പ്രദേശങ്ങൾസന്ദർശിക്കുന്നതിനായി താമസസൗകര്യത്തോടു കൂടിയുള്ളപൈതൃകബോട്ട് യാത്ര ഒരുക്കുന്നതാണ്.
- മൂന്നാംസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിക്ക് ക്യാഷ് പ്രൈസായി 5000രൂപയും, മെമെന്റോയും, സർട്ടിഫിക്കറ്റുകൾക്കുമൊപ്പം അവന്റെ/ അവളുടെ കുടുംബത്തിനു (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി) മെയ് അവസാനവാരത്തിൽ മുസിരിസ് പൈതൃക പദ്ധതിയിലെ വിനോദ സഞ്ചാര പൈതൃക പ്രദേശങ്ങൾസന്ദർശിക്കുന്നതിനായി താമസസൗകര്യത്തോടു കൂടിയുള്ളപൈതൃകബോട്ട് യാത്ര ഒരുക്കുന്നതാണ്.
- ജില്ലാതലത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവരിൽ നിന്നുമാണ് സംസ്ഥാനതലത്തിലുള്ള ആദ്യമൂന്ന് സ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്നത്. ജില്ലാതലത്തിൽ ആദ്യമൂന്ന് സ്ഥാനങ്ങൾക്കും സമ്മാനാർഹരായിട്ടുള്ളവർക്കും മെമെന്റോയും, സർട്ടിഫിക്കറ്റുകൾക്കുമൊപ്പം അവരുടെ കുടുംബത്തിനു (അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി) മെയ് അവസാനവാരത്തിൽ മുസിരിസ് പൈതൃക പദ്ധതിയിലെ വിനോദസഞ്ചാര പൈതൃകപ്രദേശങ്ങൾ സന്ദർശിക്കുന്നതിനായി ഒരുദിവസത്തെ പൈതൃക ബോട്ടുയാത്ര ഒരുക്കുന്നതാണ്.
- മേൽപറഞ്ഞ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ളതും ഇല്ലാത്തതുമായ ഒരു വിഷയത്തിൽ എന്തെങ്കിലും തർക്കമുണ്ടായാൽ, ഉചിതമായ നടപടി സംബന്ധിച്ച് സംഘാടകർ (മുസിരിസ് പൈതൃക പദ്ധതി) തീരുമാനിക്കും. സംഘാടകരുടെ വാക്ക് അന്തിമവും ബന്ധിതവുമായിരിക്കും.

## മാനദണ്ഡങ്ങളും നിബന്ധനകളും:

- ഹൈസ്കൂൾവിഭാഗം വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.
- മൊബൈൽ ഫോട്ടോഗ്രഫിയിലും, പെൻസിൽ ചിത്രരചനയിലുമാണ് മത്സരംതിരമാനിച്ചിരിക്കുന്നത്. മത്സരാർത്ഥികൾക്ക് എത് വിഭാഗവും തിരഞ്ഞെടുക്കാമെങ്കിലും പങ്കാളിത്തം ഒരു വിഭാഗത്തിൽ മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. ഫോട്ടോഗ്രഫി മത്സരത്തിൽ ആൻഡ്രോയിഡ്/സ്മാർട്ട് ഫോണുകൾ മാത്രമാണ് ഉപയോഗിക്കേണ്ടത്.
- ഒരു വിദ്യാർത്ഥിക്ക് ഒരു ചിത്രം മാത്രമേ മത്സരത്തിൽ അനുവദിക്കൂ.
- മത്സരത്തിന് പങ്കെടുക്കുന്നതിൽ ഫീസ് ഈടാക്കുന്നതല്ല.
- വിദ്യാർത്ഥികൾ അവരവരുടെ 'പഞ്ചായത്തിൽ/ നഗരസഭ' ഉൾപ്പെടുന്ന പൈതൃക പ്രദേശങ്ങൾ അല്ലെങ്കിൽ മറ്റു പുരാവസ്തുക്കൾ ആണ് ഫോട്ടോഗ്രഫി മത്സരത്തിനായി എടുക്കേണ്ടത്.
- പെൻസിൽ ചിത്രരചന വിഭാഗത്തിൽ, മുസിരിസ് പൈതൃക പ്രദേശങ്ങളിൽ നിലനിൽക്കുന്ന സ്മാരകങ്ങളോ അവരവരുടെ 'പഞ്ചായത്തിൽ' ഉൾപ്പെടുന്ന പ്രദേശങ്ങളുടെ പ്രത്യക്ഷ/ പരോക്ഷപൈതൃകം ഉൾപ്പെടുത്താവുന്നതാണ്. മുസിരിസ് പദ്ധതിയിലെ സ്മാരകങ്ങൾ/ പൈതൃകപ്രദേശങ്ങളിലേക്ക് നേരിട്ടുവന്നു ചിത്രങ്ങൾ വരക്കുവാനുള്ളസാഹചര്യവും അനുവദിക്കുന്നതാണ്.
- പെൻസിൽ ചിത്രരചന/ മൊബൈൽഫോട്ടോഗ്രഫി വിഭാഗങ്ങളിലുമായി എടുക്കുന്നചിത്രങ്ങൾക്ക് തലക്കെട്ടും, 10 വാചകത്തിൽ കുറയാത്ത രീതിയിലുള്ള വിവരണവും നൽകേണ്ടതാണ്.
- മൊബൈൽചിത്രങ്ങൾ jpeg ഫോർമാറ്റിൽ (ഫയൽ സൈസ് മിനിമം 1.3 mb എങ്കിലും ഉണ്ടായിരിക്കണം) സ്വയം സാക്ഷ്യപ്പെടുത്തിയ ഫോമോടുകൂടി whdmuziris2021@gmail.com എന്ന ഇമെയിൽ അഡ്രസ്സിലേക്ക് അയച്ചുതരേണ്ടതാണ്. പ്രത്യേകമായ ഇഫക്റ്റുകൾ ഉള്ള ആപ്ലിക്കേഷൻ ഉപയോഗി ച്ച്എടുത്ത ചിത്രങ്ങൾ അല്ലെങ്കിൽ കൃത്രിമമായ മാറ്റങ്ങൾ വരുത്തിയ ചിത്രങ്ങൾ മത്സരത്തിൽ ഉൾപ്പെടുത്തുന്നതല്ല.
- പെൻസിൽ ചിത്രരചനകൾ A3 വലുപ്പത്തിൽ ഉള്ള പേപ്പറിൽ ചെയ്യേണ്ടതാണ്. സ്വയം സാക്ഷ്യപ്പെടുത്തിയ ഫോമോടുകൂടി ചിത്രരചനകൾ മാനേജിങ്ഡയറക്ടർ, മുസിരിസ്പ്രോജെക്റ്റ്സ് ലിമിറ്റഡ്, മുസിരിസ് ഇന്റർനാഷണൽ റിസർച്ച് ആന്റ് കൺവെൻഷൻ സെന്റർ, പുല്ലൂറ്റ് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ ജില്ല, പിൻ – 680663 എന്ന വിലാസത്തിലേക്ക് പോസ്റ്റൽ ആയോ, കൊറിയർ ആയോ അയച്ചുതരേണ്ടതാണ്.
- സംസ്ഥാനതലത്തിൽ എന്നപോലെ ജില്ലാതലത്തിലും ഒരു മൂല്യനിർണ്ണയം നടത്തുന്നതാണ്. ജില്ലാതലത്തിൽ മൂല്യനിർണ്ണയം നടത്തുന്നതിനായി 15 ൽ കുറയാത്ത വിദ്യാർത്ഥികളുടെ പങ്കാളിത്തം ഓരോ മത്സരവിഭാഗങ്ങളിലും ഉണ്ടാകേണ്ടതാണ്.
- അപേക്ഷകൻ സമർപ്പിച്ച മൊബൈൽ ഫോട്ടോഗ്രാഫിൽ/ പെൻസിൽ ചിത്രരചനയിൽ മത്സരാർത്ഥിയെകുറിച്ചോ മറ്റേതെങ്കിലും വ്യക്തിയെക്കുറിച്ചോ വ്യക്തിപരമായി തിരിച്ചറിയാൻ കഴിയുന്ന വിവരങ്ങൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.



### മത്സരഫലം – മാനദണ്ഡങ്ങൾ:

## മൊബൈൽ ഫോട്ടോഗ്രാഫി

- വിഷയത്തിനുള്ള പ്രസക്തി: മത്സരിക്കുന്ന വിഭാഗത്തിലെ മാനദണ്ഡങ്ങൾ ഫോട്ടോയിൽ എത്രത്തോളം വ്യക്തമാകുന്നു.
- ഫോട്ടോയിലെ സംയോജന രീതി: ഫോട്ടോയിൽ ശ്രദ്ധ ആകർഷിക്കുന്ന ഘടകങ്ങളുടെ സംയോജനം.
- സർഗ്ഗശക്തി: രസകരമായ രീതിയിൽ വെളിച്ചം ഉപയോഗപ്പെടുത്തി ഉദ്ദേശ വിഷയം അതുല്യമായ രീതിയിൽ പ്രത്യേകമായ വീക്ഷണകോണിൽ നിന്ന് ചിത്രീകരിച്ചിരിക്കുന്നു.
- സാങ്കേതിക ഗുണനിലവാരം: ഫോക്കസ്, ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്ന വെളിച്ചം
- മൊത്തത്തിലുള്ള മതിപ്പ്: കാഴ്ചക്കാരന്റെ/വിധികർത്താവിന്റെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിവുള്ള ഘടകം അടങ്ങിയ ചിത്രം



## പെൻസിൽ ചിത്രരചന

- കലാപരമായ രചനയുടെ ഗുണനിലവാരവും വിഷയത്തെ (സ്മാരകങ്ങൾ/പൈതൃകപ്രദേശങ്ങൾ) അടിസ്ഥാനമാക്കിയുള്ള മൊത്തത്തിലുള്ള രൂപകൽപനയും.
- ഉപകരണങ്ങളുടെ (പെൻസിൽ) ഉചിതമായ തിരഞ്ഞെടുക്കലും ഉപയോഗവും.
- പൂർത്തിയായ ചിത്രത്തിന്റെ മൊത്തത്തിലുള്ള വൃത്തിയും അവതരണവും
- രൂപകൽപനയുടെ ഗുണങ്ങളും തത്വങ്ങളും. (ബാലൻസ്, അനുപാതം, ഫോക്കൽ പോയിന്റ്)
- പങ്കെടുക്കുന്നയാളുടെ നൈപുണ്യത്തിന് അനുയോജ്യമായ ചിത്രം

## ഫോട്ടോഗ്രാഫി/ പെൻസിൽ ചിത്രരചന സമർപ്പണത്തിന്റെ വിശദാംശങ്ങൾ:

മത്സരത്തിനായുള്ള ചിത്രങ്ങൾ മുകളിൽ സൂചിപ്പിച്ച നിർദേശങ്ങൾക്കനുസൃതമായി 2021 മെയ് 05 ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് മുൻപായി അയക്കേണ്ടതാണ്. സൃഷ്ടികൾ അയക്കുമ്പോൾ അതിനുകൂടെ തന്നെ സാക്ഷ്യപത്രം ചേർക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ മാതൃക ഈ ലഘുവിവരണ പത്രത്തിനൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ സൃഷ്ടികളെ കുറിച്ചുള്ള വിവരണം A4 വലുപ്പത്തിലുള്ള പേപ്പറിൽ എഴുതി/ടൈപ്പ് ചെയ്ത് സാക്ഷ്യപത്രത്തിനൊപ്പം അയക്കേണ്ടതാണ്. മുസിരിസ് പൈതൃക പദ്ധതി സംഘടിപ്പിക്കുന്ന പ്രസ്തുത മത്സരവുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾക്ക് 8075073938 (മ്യൂസിയം മാനേജർ), 9037252480 (മാർക്കറ്റിംഗ് മാനേജർ) എന്ന നമ്പറുകളിൽ വിളിക്കാവുന്നതാണ്.

പൈതൃക സംരക്ഷണത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക പങ്കെടുക്കാവുന്ന അപൂർവ സന്ദർഭങ്ങളിലൊന്നാകും ഈ പൈതൃകദിനം. ഈ ആഘോഷത്തിൽ മുസിരിസിന്റെ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട് മുകളിൽ പരാമർശിക്കപ്പെട്ട പ്രോഗ്രാമുകളിലൂടെ പൈതൃക സംരക്ഷണത്തിന്റെ അനിവാര്യത പുതുതലമുറക്ക് പകർന്നു നകുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ കേരളത്തിലെ ആയിരത്തോളം വരുന്ന പഞ്ചായത്തുകളുടെ അമൂല്യങ്ങളായ പൈതൃക അവശേഷിപ്പുകൾ വിദ്യാർഥികളിലൂടെ കണ്ടെത്തുവാനും അതിലൂടെ പൈതൃക സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനമാനസുകളിലേക്ക് എത്തിക്കുവാനും സാധിക്കും എന്ന് മുസിരിസ് പൈതൃക പദ്ധതി പൂർണമായി വിശ്വസിക്കുന്നു. യുനെസ്കോ ലോക പൈതൃക ദിനമായി ആചരിക്കുന്ന 'ഏപ്രിൽ 18' ന് വിദ്യാർത്ഥികളായ നിങ്ങൾ ഓരോരുത്തരുമാകും പൈതൃക സംരക്ഷക വാഹകർ.

# മുസിരിസ് പൈതൃക പദ്ധതി
# വിനോദ സഞ്ചാരവകുപ്പ്
# കേരള സർക്കാർ

ലോക പൈതൃകദിനത്തോട് അനുബന്ധിച്ച സംഘടിപ്പിക്കുന്ന 'എന്റെ പൈതൃകം' മൊബൈൽ ഫോട്ടോഗ്രാഫി/ ചിത്രരചന മത്സരത്തിനുള്ള ഓരോ എൻട്രിയോടൊപ്പം മത്സരാർത്ഥികൾ സമർപ്പിക്കേണ്ട വിശദാംശങ്ങളും പ്രതിജ്ഞാപത്രവും.

## വിശദാംശങ്ങൾ

| | |
|---|---|
| പേര് | : ........................................ |
| ക്ലാസ് | : ........................................ |
| സ്കൂളിന്റെ പേര് | : ........................................ |
| | : ........................................ |
| വിലാസം | : ........................................ |
| | : ........................................ |
| ഫോട്ടോ എടുക്കുന്ന തീയതി | : ........................................ |
| കലാസൃഷ്ടിയുടെ തലക്കെട്ട് | : ........................................ |
| ഡ്രോയിങ് പേപ്പർ വിശദാംശങ്ങൾ | : ........................................ |
| ഈ ഫോട്ടോ/ ഡ്രോയിങ് മുമ്പ് വിജയിച്ചിട്ടുണ്ടെങ്കിൽ, ഇവന്റ് വിശദാംശങ്ങൾ | : ........................................ |
| ബന്ധപ്പെടാനുള്ള നമ്പർ | : ........................................ |

## <u>പ്രതിജ്ഞാപത്രം</u>

1. മുസിരിസ് പൈതൃക പദ്ധതി ലോക പൈതൃക ദിനത്തോട് അനുബന്ധിച്ച സംഘടിപ്പിക്കുന്ന മത്സരത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഞാൻ പൂർണമായും വായിച്ചിട്ടുള്ളതാണ്, അവ എല്ലാം അനുസരിക്കുവാൻ ഞാൻ തയ്യാറാണ്.
2. 2021 ലോക പൈതൃക ദിനത്തോട് അനുബന്ധിച്ച സംഘടിപ്പിച്ചമത്സരത്തിൽ സമർപ്പിച്ച മൊബൈൽ ഫോട്ടോഗ്രാഫി ചിത്രരചനയുടെ ഏക ഉടമ ഞാനാണ്, ഇത് 2021 ഏപ്രിൽ/മെയ്........................................ ........................................ തന്നെയാണ് ചെയ്തിരിക്കുന്നത്.
3. സമർപ്പിച്ച മൊബൈൽ ഫോട്ടോഗ്രാഫ്/ പെൻസിൽ ചിത്രരചനകളുടെ ഉള്ളടക്കം ഏതെങ്കിലും തരത്തിലുള്ള ബാധ്യത/ വിവാദങ്ങളിൽ ഉൾപ്പെടുന്നതല്ല.
4. ലോക പൈതൃകദിനത്തോട് അനുബന്ധിച്ച നടത്തുന്ന മത്സരത്തിൽ ഞാൻ സമർപ്പിക്കുന്ന മൊബൈൽ ഫോട്ടോ/ പെൻസിൽ ചിത്രരചന മുസിരിസ് പൈതൃക പദ്ധതിക്ക് വെബ്സൈറ്റ്, പത്രങ്ങൾ, മറ്റ് സമൂഹമാധ്യമങ്ങൾ എന്നിവയിൽ പ്രസിദ്ധീകരിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഒപ്പ് :

പേര് :